# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6115** **02.04.2018-ൽ മറുപടിക്ക്**

**കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർ**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ അംഗമായിട്ടുള്ള നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ വേതനവും തൊഴിൽ ദിനങ്ങളും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതി മൂലം കൂടുതൽ ആളുകളെ കൈത്തറി മേഖലയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. 200 ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പരമ്പരാഗത നെയ്ത്ത് തൊഴിലാളികൾക്ക് മൂല്യവർദ്ധിതവും വൈവിദ്ധ്യമേറിയതുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ? | (ബി) പരമ്പരാഗത നെയ്ത്ത് തൊഴിലാളികൾക്ക് മൂല്യവർദ്ധിതവും വൈവിദ്ധ്യമേറിയതുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനം, സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാമിലൂടെ നൽകുന്നുണ്ട്. പ്രസ്തുത പരിശീലന പരിപാടിയിൽ താഴെ പറയുന്ന വിഭാഗങ്ങളിൽ പരിശീലനം നൽകി വരുന്നുണ്ട്.<br>1) **<u>റ്റൈ ആന്റ് ഡൈ ട്രെയിനിംഗ് പദ്ധതി</u>**<br>നൂലിലും തുണിയിലും റ്റൈ ആന്റ് ഡൈ ഉപയോഗിച്ച് മൂല്യ വർദ്ധിത കൈത്തറി ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് നെയ്ത്തുകാരെ പ്രാപ്തരാക്കുന്ന ഒരു പരിശീലന പരിപാടിയാണിത്. |

2) **ഓർഗാനിക് കോട്ടൺ വസ്ത്രങ്ങൾ ഉൽപാദിപ്പിക്കുന്നതിനുള്ള പരിശീലനം**

പ്രകൃതിദത്ത ഡൈകൾ ഉപയോഗിച്ച് ഓർഗാനിക് കൈത്തറി ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ഈ പരിശീലനം ഉതകുന്നു.

3) **ബ്ലോക്ക് പ്രിന്റിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ബാത്തിക് പ്രിന്റിംഗ് എന്നിവയിലുള്ള പരിശീലനം**

ബ്ലോക്ക് പ്രിന്റിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ബാത്തിക് പ്രിന്റിംഗ് എന്നിവ കൈത്തറി വസ്ത്രങ്ങൾ കൂടുതൽ വശ്യതയുള്ള വയാക്കാൻ സഹായിക്കുന്നു.

4) **കൈത്തറി വസ്ത്രങ്ങളിൽ സർഫസ് ഓർണമെന്റേഷനിലുള്ള പരിശീലനം**

കൈത്തറി വസ്ത്രങ്ങൾ കാഴ്ചയ്ക്ക് കൂടുതൽ മികവുറ്റതാക്കാനും അതുവഴി മൂല്യ വർദ്ധനയ്ക്ക് ഉതകുംവിധം സർഫസ് ഓർണമെന്റേഷനിൽ പരിശീലനം നൽകുന്നു.

ഇതു കൂടാതെ പ്രാഥമിക കൈത്തറി കൈത്തറി സഹകരണസംഘങ്ങൾ/ഹാന്റക്സ്/ഹാൻവീവ് എന്നിവയിലെ ജീവനക്കാർക്കും മറ്റും പരിശീലനം നൽകുന്നുണ്ട്. എല്ലാ പരിശീലനങ്ങളുടെയും സാങ്കേതിക സഹായവും മേൽനോട്ടവും വഹിക്കുന്നത് കണ്ണൂരിലുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയാണ്.

(signature)

സെക്ഷൻ ഓഫീസർ